I/75577/2023

ഭാരതീയ ചികിത്സാവകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
ആരോഗ്യ ഭവൻ, പി.ബി.നമ്പർ.182,
തിരുവനന്തപുരം - 695 001,
Fax / Ph: 0471 2322620
Email – directorism@yahoo.com

തീയതി : 25-03-2023

## സർക്കുലർ

വിഷയം:- ഭാരതീയ ചികിത്സാ വകുപ്പ് - ഫർമസിസ്റ്റ് ഗ്രേഡ് 2, നേഴ്സ് ഗ്രേഡ് 2, തെറാപ്പിസ്റ്റ് തസ്തികകളിൽ 2023 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റ അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- G.O (P) 05/2013/P&ARD DATED - 06/02/2013

ഭാരതീയ ചികിത്സാ വകുപ്പിൽ ഫർമസിസ്റ്റ് ഗ്രേഡ് 2, നേഴ്സ് ഗ്രേഡ് 2, തെറാപ്പിസ്റ്റ് തസ്തികകളിൽ 2023 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റ അപേക്ഷ ക്ഷണിക്കുന്നു

1. 2023 ഫെബ്രുവരി 28 ന ജില്ലയിൽ 5 വര്ഷം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റ അപേക്ഷ സമർപ്പിക്കാവുന്നതാണ്

2. ഡി.ആർ.ബി കാലയളവ് പൂർത്തിയാക്കാത്ത ജീവനക്കാരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷ (ഇക്കാര്യത്തിൽ ഇളവുള്ള ജില്ലകളിൽ / ജീവനക്കാർ ഒഴികെ) ഹെഡ് ഓഫീസിലേക്ക് അയക്കേണ്ടതില്ല .ആയതു ജില്ലാ മെഡിക്കൽ ഓഫീസർക്ക് തന്നെ പരിശോധിച്ച് നിരസിക്കാവുന്നതാണ്.

3. അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ലഭ്യമാകുന്ന ജീവനക്കാരുടെ അപേക്ഷ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസിൽ ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 10/04/2023 ആണ്. 10/04/2023 വൈകുന്നേരം 5 മണി വരെ ജില്ലാ മെഡിക്കൽ ഓഫീസിൽ കൈപ്പറ്റുന്ന ജീവനക്കാരുടെ അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം ഹെഡ് ഓഫീസിലേക്ക് 17/04/2023 ന മുൻപായി അയച്ചു തരേണ്ടതാണ് .

4. ഫർമസിസ്റ്റ് ഗ്രേഡ് 2, നേഴ്സ് ഗ്രേഡ് 2, തെറാപ്പിസ്റ്റ് തസ്തികകളിൽ ലഭ്യമാകുന്ന അപേക്ഷകൾ വ്യത്യസ്ത കവറിങ് ലെറ്ററിൽ അയച്ചുതരേണ്ടതാണ്. അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെങ്കിൽ ഇക്കാര്യം അറിയിക്കേണ്ടതാണ്. ആയതിനോടൊപ്പം ഓരോ തസ്തികയിലും അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിനായി ജില്ലയിൽ നിലവിലുള്ള നിയമാനുസൃതമായ ഒഴിവുകളുടെ എണ്ണം അറിയിക്കേണ്ടതാണ്.

5. നിലവിൽ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് നിയമാനുസൃതം ഒഴിവു നിലവിലില്ലെങ്കിൽ ജില്ലയിൽ ഈ വര്ഷം ഉണ്ടാകുന്ന ആകെ ഒഴിവുകൾ - ഒഴിവുണ്ടാകുന്ന തീയതി, ടി ഒഴിവു പ്രതീതീക്ഷിത ഒഴിവായി പി.എസ് സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ , ജില്ലയിൽ അവസാനമായി എന്നാണ് പ്രസ്തുത തസ്തികയിൽ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത്. ആയതിനു ശേഷം എത്ര ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

I/75577/2023

6.. ടി സർക്കുലർ തീയതിക്ക് മുൻപ് ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതല്ല. ടി ജീവനക്കാർ സ്ഥലം മാറ്റം ആവശ്യമുള്ള പക്ഷം നിശ്ചിത തീയതിക്കകം പുതുക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണ് .

Signed by
Devadas P
Date: 25-03-2023 10:52:55

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഭാരതീയ ചികിത്സാ വകുപ്പ്

പകർപ്പ്ഃ - 1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും , കോട്ടക്കൽ മാനസിക രോഗാശുപത്രി സൂപ്രണ്ടിനും.

2. ഐ റ്റി സെക്ഷന് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )